No. CEE/3600/ /KEAM-2021/TA4

കേരളസർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനം–2021

## എൻ.ആർ.ഐ വിഭാഗം അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

2021–22 അദ്ധ്യയന വർഷത്തിൽ കീം മുഖേനയുള്ള മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് എൻ.ആർ.ഐ ക്വാട്ടയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് എംബസി/കോൺസുലേറ്റിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി ചില ഇളവുകൾ അനുവദിച്ചിട്ടുണ്ട്. അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ പുതുക്കിയ മാനദണ്ഡപ്രകാരം 2021 വർഷത്തെ മെഡിക്കൽ കോഴ്സുകളിലേക്ക് എൻ.ആർ.ഐ ക്വാട്ടയിൽ അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും 'Candidate Portal' പരിശോധിച്ച് അപാകതകൾ നിലനിൽക്കുന്ന പക്ഷം അവ പരിഹരിക്കേണ്ടതാണ്. NRI ക്വാട്ടയിൽ സമർപ്പിച്ച എംബസി/കോൺസുലേറ്റിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭിക്കേണ്ട രേഖകളിലെ അപാകതകൾ പരിഹരിക്കുന്നതിന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ പുതുക്കിയ മാനദണ്ഡപ്രകാരം വിദ്യാർത്ഥികൾക്ക് **01.12.2021 മുതൽ 10.12.2021 വൈകിട്ട് 5.00 മണി വരെ** സമയം അനുവദിച്ചിട്ടുണ്ട്.

നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷയിലെ എൻ.ആർ.ഐ രേഖകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കാത്തവരെ കീം മുഖേനയുള്ള മെഡിക്കൽ കോഴ്സുകളിൽ എൻ.ആർ.ഐ സീറ്റുകളിലേയ്ക്കുള്ള അഡ്മിഷൻ/അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വിശദമായ വിജ്ഞാപനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് കാണുക.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
01.12.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**